(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ, മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗാശുപത്രിക്ക് പഞ്ചായത്തുവക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ 15,17,120 രൂപയുടെ പ്രൂപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഗോരക്ഷാ പദ്ധതി

184 (1600) ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷീര കർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) മാരകവും പകർച്ചവ്യാധികളുമായ കുളമ്പുരോഗം, കുരലടപ്പൻ, അടപ്പൻ, ബ്രൂസല്ലോസിസ് തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് "ഗോരക്ഷാ" പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ :

1. കേരളത്തിലെ മൃഗസമ്പത്തിനെ പകർച്ചവ്യാധികളിൽനിന്നും സംരക്ഷിക്കുക
2. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം കൂട്ടുക
3. മൃഗ ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുക
4. ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക
5. കേരളത്തെ കാലിരോഗ വിമുക്തമേഖലയാക്കുക
6. കുളമ്പുരോഗ നിയന്ത്രണത്തിന് പ്രാധാന്യം നൽകി മറ്റ് പകർച്ച വ്യാധികളുടെ പരിശോധനയും നിയന്ത്രണവും നടപ്പിലാക്കി കാലിരോഗങ്ങളെ പൂർണ്ണമായും ഉന്മൂലനം ചെയ്യുക.

(ബി) 1. കുളമ്പുരോഗ നിർമ്മാർജ്ജനത്തിന് ആവശ്യമായ വാക്സിനേഷൻ നൽകുന്നു.

2. വാക്സിനേഷനോടനുബന്ധിച്ച് എന്തെങ്കിലും അത്യാഹിതം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നു.

3. കുത്തിവയ്പ്പ് എടുത്ത മൃഗങ്ങൾക്ക് രോഗബാധ ഉണ്ടാവുകയാണെങ്കിൽ അവയെ സൗജന്യമായി ചികിത്സിക്കുന്നു. മരണം സംഭവിക്കുകയാണെങ്കിൽ പ്രകൃതി ക്ഷോഭത്തിന് നൽകുന്ന നിരക്കനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നു.

4. രക്ത സാമ്പിളുകളിൽ രോഗപ്രതിരോധശക്തി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2014-15 വർഷത്തെ കേന്ദ്രസർക്കാർ വിഹിതം - 164 ലക്ഷം രൂപ

സംസ്ഥാന വിഹിതം - 200 ലക്ഷം രൂപ

(ഡി) ഗോരക്ഷാ പദ്ധതി 2004-ൽ ആരംഭിച്ചു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly